**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 121** **08-10-2021 - ൽ മറുപടിയ്ക്ക്**

**ക്ഷീര സംഘങ്ങൾക്ക് ആദായ നികുതി ഏർപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാർഷികോല്പന്നങ്ങൾക്ക് ആദായ നികുതി ഏർപ്പെടുത്തരുതെന്ന നിയമം നിലനിൽക്കെ പ്രാഥമിക ക്ഷീര സഹകരണസംഘങ്ങളെ ആദായ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടിയിന്മേൽ സംസ്ഥാനം സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ 30.06.2021-ലെ 13/2021 നമ്പർ സർക്കുലർ പ്രകാരം 1961-ലെ ഇൻകംടാക്സ് ആക്ടിലെ വകുപ്പ് 194Q പ്രകാരം പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളെയും ആദായ നികുതി പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ക്ഷീര കർഷകരെ ദോഷകരമായി ബാധിക്കുമെന്നതിനാൽ സംഘങ്ങളെ ആദായ നികുതിയുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനും, ടി. ഡി. എസ് (TDS) ഒഴിവാക്കുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളുന്നതിനായി ബഹു. കേന്ദ്ര ധനകാര്യ മന്ത്രിയ്ക്ക് 01.09.2021ൽ നിവേദനം നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയം കേന്ദ്ര ക്ഷീരവികസന വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് ബോധ്യപ്പെടുത്തിയിട്ടുമുണ്ട്. |
| (ബി) | സംസ്ഥാനത്തെ നാലായിരത്തോളം ക്ഷീര സഹകരണ സംഘങ്ങളെയും രണ്ടുലക്ഷത്തിൽപരം ക്ഷീര കർഷകരെയും ഇത് എത്രമാത്രം ദോഷകരമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. സാധാരണഗതിയിൽ, ഒരു വ്യാപാര സ്ഥാപനത്തിന്റെ ലാഭത്തിൽ നിന്നുമാണ് വരുമാന നികുതി ഈടാക്കുന്നതിന് വ്യവസ്ഥയുള്ളത്. ക്ഷീര സംഘങ്ങളുടെ വരുമാനത്തിൽ നിന്നും കർഷകർക്ക് പാൽ വില നൽകുന്നതിനും, സംഘത്തിന്റെ ചെലവുകൾ നടത്തുന്നതിനും ആവശ്യമായ തുക കഴിഞ്ഞ് എഡ്യൂക്കേഷൻ ഫണ്ട്, പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ട്, കന്നുകാലി വികസന നിധി, പൊതു നന്മ / ദാനനിധി എന്നിവ കുറച്ച് ബാക്കി തുക കർഷകർക്ക് ബോണസ്സായി നൽകുന്നു. ഇത്തരത്തിലുള്ള ചെലവുകളെല്ലാം കഴിഞ്ഞ് സംഘങ്ങൾക്ക് യാതൊരു ലാഭവും നീക്കിയിരിപ്പും ഉണ്ടാകാറില്ല. മൊത്തം വിറ്റുവരവ് 50 ലക്ഷത്തിൽ അധികരിക്കുന്ന സംഘങ്ങൾ, ഉറവിടത്തിൽ നിന്നും ആദായ നികുതി ഒടുക്കേണ്ട സാഹചര്യം (ടി.ഡി. എസ്) ഉണ്ടായാൽ അത് സംഘത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതിയെ |

| | | | |
|---|---|---|---|
| | | | ബാധിക്കുകയും കർഷകർക്ക് ബോണസ്സ് പോലും നൽകാനാവാത്ത സാഹചര്യം ഉണ്ടാക്കുകയും ചെയ്യും. ഇത് ക്ഷീര സംഘങ്ങളുടെ നിലനിൽപ്പിനെ തന്നെ ദോഷകരമായി ബാധിക്കും. ആയതിനാൽ ഈ വിഷയത്തിൽ അടിയന്തര നടപടി വേണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ക്ഷീരവികസന വകുപ്പ് മന്ത്രിയെ 01.10.2021-ൽ നേരിൽ കണ്ട് കാര്യങ്ങൾ വിശദമാക്കുകയും, നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. നിവേദനം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് കേന്ദ്ര ക്ഷീരവികസന വകുപ്പ് മന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. |
| (സി) | ക്ഷീര സംഘങ്ങളിൽ നിന്നാണ് നികുതി ഈടാക്കാൻ നിർദ്ദേശിച്ചിരിക്കുന്നതെങ്കിലും നികുതിഭാരം കർഷകരുടെ മേലാണ് വരുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | കേന്ദ്ര സർക്കാരിന്റെ ഈ തീരുമാനത്തിൽ നിന്ന് ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ? | (ഡി) | യൂണിയൻ ലിസ്റ്റിൽ ഉൾപ്പെടുന്ന ഈ വിഷയത്തിൽ കേന്ദ്ര സർക്കാരിനു മാത്രമാണ് നിയമ നിർമ്മാണം നടത്തുവാൻ ഭരണഘടനാപരമായി അധികാരമുള്ളത്. ആകയാൽ പ്രസ്തുത വിഷയത്തിന്മേൽ അനുകൂലമായ തീരുമാനം കൈക്കൊള്ളുന്നതിന് 01.10.2021-ൽ ബഹു. കേന്ദ്ര ക്ഷീരവികസന വകുപ്പ് മന്ത്രിയെ നേരിൽ കണ്ട് വിഷയം ബോധിപ്പിക്കുകയും, സംസ്ഥാന സർക്കാരിന്റെ നിവേദനം ബഹു. കേന്ദ്രമന്ത്രിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. നിവേദനം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് കേന്ദ്ര ക്ഷീരവികസന വകുപ്പ് മന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ